**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1626 04/12/2015-ൽ മറുപടിയ്ക്ക്

## ചക്ക സംസ്കരണവും വിപണനവും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്ത് ഓരോ വർഷവും കോടിക്കണക്കിന് രൂപയുടെ ചക്ക നശിച്ച് പോകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ചക്കക്കുരുവിൽ നിന്നും വേർതിരിച്ചെടുക്കുന്ന മാംസ്യമായ ലക്റ്റിം ഉപയോഗിച്ച് ക്യാൻസർ സാധ്യത മുൻകൂട്ടി അറിയാമെന്നും ചക്ക ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതിലൂടെ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കാമെന്നുമുള്ള കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ചക്കക്കുരുവിൽ അടങ്ങിയിരിക്കുന്ന ലക്റ്റിം എന്ന പദാർത്ഥത്തിന് ക്യാൻസർ കോശങ്ങളെ ചെറുക്കുവാനുള്ള കഴിവുണ്ടെന്ന് കരുതപ്പെടുന്നു. എന്നാൽ ഇതു സംബന്ധിച്ച് കൃഷി വകുപ്പ് പഠനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല. |
| സി) എങ്കിൽ ഇതു സംബന്ധിച്ച കൂടുതൽ ഗവേഷണങ്ങൾക്ക് നടപടി സ്വീകരിക്കുമോ; | സി) ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുകയാണെങ്കിൽ വിവിധ വകുപ്പുകളുടെ പ്രത്യേകിച്ച് ആരോഗ്യ മേഖലയുടെ സഹകരണത്തോടുകൂടി ഗവേഷണങ്ങൾ നടത്തുന്നതാണ് എന്ന് കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |
| ഡി ചക്കയുടെ സംസ്കരണത്തിനും വിപണനത്തിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ; | ഡി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, ജാക്ക് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, ശാന്തിഗ്രാം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ചക്കയുടെ വ്യാവസായിക |

സംരംഭക സാധ്യതകളെക്കുറിച്ച് ഒരു ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. ഇതിന്റെ തുടർച്ചയായി സതേൺ റെയിൽവേ, ജാക്ക് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഒരു മെട്രിക് ടൺ ചക്കയും ചക്കയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളും ഡൽഹിയിലേക്ക് കയറ്റി അയച്ചു.

ചക്കയിൽ നിന്നും വൈവിധ്യമാർന്ന അനവധി മൂല്യവർദ്ധിത ഉല്പന്നങ്ങൾ (ജാം, ജെല്ലി, സ്ക്വാഷ്, സിറപ്പ്, ഇടിച്ചക്ക ഉല്പന്നങ്ങൾ നിർജ്ജലീകരിച്ച ചക്ക) കാർഷിക സർവ്വകലാശാല വികസിപ്പിച്ച് വിവിധ കേന്ദ്രങ്ങളിലായി വിപണം ചെയ്തു വരുന്നു.

ചക്കയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾക്ക് കെട്ടിടത്തിന്റെയും യന്ത്രോപകരണങ്ങളുടെയും ചെലവിന്റെ 25 ശതമാനം (പരമാവധി 10 ലക്ഷം രൂപ) സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (എസ്. എഫ്. എ.സി) ധന സഹായമായി നല്കുന്നു. 5 ലക്ഷം മുതൽ 50 ലക്ഷം വരെ ചെലവുള്ള വായ്പ ബന്ധിത പദ്ധതികളാണ് ഇതിന് പരിഗണിക്കുന്നത്. കൂടാതെ ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളെയും സംരംഭങ്ങളെയും സംബന്ധിച്ച പരിശീലന പരിപാടികൾക്കും എസ്. എഫ്. എ.സി ധനസഹായം നല്കുന്നുണ്ട്. സംസ്ഥാനത്ത് സംഘടിപ്പിക്കപെടുന്ന പ്രധാനപ്പെട്ട എക്സിബിഷനുകളിലും വിപണന മേളകളിലും ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും എസ്. എഫ്. എ.സിയുടെ പ്രദർശന സ്റ്റാളുകളിൽ സൗജന്യമായി അവസരം നല്കുന്നു.

പത്തനംതിട്ടയിലെ കാർഡ് കൃഷി വിജ്ഞാന കേന്ദ്രം പ്രവർത്തന സജ്ജമാക്കിയിട്ടുള്ള ചക്കയുടെ പ്രാഥമിക സംസ്കരണ ഉല്പന്ന നിർമ്മാണ കേന്ദ്രത്തിന്റെ പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ കോരുത്തോട് ഫാർമേഴ്സ് ക്ലബ്ബും തൃശ്ശൂർ വെറ്റിലപ്പാറ എക്സ് സർവ്വീസ് മെൻസ് കോ-ഓപ്പറേറ്റീവ് കോളനിയും സംസ്കരണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.